Daily: Mangalam.
Subject: Ideathon

Date: 28-03-2023
Page



■ ആരക്കുന്നം ടോക് എച്ചിൽ ഐഡിയത്തോൺ മത്സരത്തിൽ തിരഞ്ഞെടുക്കപ്പെട്ട മികച്ച 6 ആശയങ്ങൾക്കുള്ള പുരസ്കാരങ്ങൾ തോമസ് ചാഴിക്കാടൻ എം.പി. വിതരണം ചെയ്യുന്നു.

# ആരക്കുന്നം ടോക് എച്ചിൽ ഐഡിയാത്തോൺ അവാർഡ് വിതരണം

പിറവം: കേരള സർക്കാരിന്റെ ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി പ്രകാരം മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് എന്റർപ്രൈസ് ഫെസിലിറ്റേഷൻ കേന്ദ്രത്തിന്റെയും ആരക്കുന്നം ടോക് എച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയുടെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഐഡിയത്തോൺ മത്സരത്തിന്റെ സമാപന സമ്മേളനവും അവാർഡ് വിതരണവും ടോക് എച്ച് എൻജിനീയറിങ് കോളജിൽ തോമസ് ചാഴിക്കാടൻ എം.പി. നിർവഹിച്ചു.

മത്സരത്തിന്റെ പ്രാരംഭ ഘട്ടത്തിൽ ലഭിച്ച നൂറോളം ആശയങ്ങളിൽ നിന്നും തിരഞ്ഞെടുത്ത ഇരുപത് ആശയങ്ങളെ സൂക്ഷ്മ വിശകലനം നടത്തി അവയിൽ ആറെണ്ണം അവാർഡിനായി തിരഞ്ഞെടുത്തു.

പ്ലാസ്റ്റിക് മാലിന്യത്തിൽ നിന്നും ഇഷ്ടിക നിർമ്മിക്കുവാനുള്ള പ്രൊജക്റ്റ്, ചിക്കൻ വില ഏകീകരണത്തിനും നിയന്ത്രണത്തിനും വേണ്ടി രൂപം നൽകിയ ജോയ്സ് പൗൾട്ടറി മൊബൈൽ ആപ്പ്, ഇരു ചക്ര വാഹനങ്ങൾക്കുള്ള ഓട്ടോമേറ്റഡ് ട്രാഫിക് സർവെയ്‌ലൻസ് സംവിധാനം, സ്മാർട്ട് കൃഷിക്ക് വേണ്ടിയുള്ള ഓട്ടോമേറ്റഡ് അൺ മാൻഡ് ഏരിയൽ വെഹിക്കിൾ, ഓഫ്ഷോർ കമ്മ്യൂണിക്കേഷൻ ആൻഡ് ട്രാക്കിംഗ് സിസ്റ്റം, എയർ ക്വാളിറ്റി അനലൈസർ വിത്ത് ടൈം സീരീസ് ഡാഷ്ബോർഡ് എന്നീ ആശയങ്ങളാണ് തിരഞ്ഞെടുക്കപ്പെട്ടവ. ഇവയിൽ 4 എണ്ണം ടോക് എച്ച് വിദ്യാർഥികളുടേതാണ്. മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രാജു പി. നായർ അധ്യക്ഷത വഹിച്ചു.

ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബിന്ദു സജീവ്, ടോക് എച്ച് പ്രസിഡന്റ് ഡോ. അലക്സ് മാത്യു, കമ്പ്യൂട്ടർ സയൻസ് വിഭാഗം മേധാവി ഡോ. ശ്രീല ശ്രീധർ, മണീട് പഞ്ചായത്ത് പ്രസിഡന്റ് ജോസഫ് വി.ജെ., ടോക് എച്ച് പ്രിൻസിപ്പൽ പ്രഫ. ഡോ. പ്രീതി തെക്കെത്ത്, ഉപജില്ലാ വ്യവസായ ഓഫീസർ നമിത പി., ഐ.ഇ.ഡി.സി. ഓഫീസർ അഡ്വ. ടൈറ്റസ് തോമസ് എന്നിവർ സംബന്ധിച്ചു. മുളന്തുരുത്തി ബ്ലോക്ക് വ്യവസായ വികസന ഓഫീസർ രാജേഷ് കെ.കെ. ചടങ്ങിൽ കൃതജ്ഞത രേഖപ്പെടുത്തി.